# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.532 — 04/07/2013-ൽ മറുപടിയ്ക്ക്

## ജലവിഭവ വകുപ്പിന്റെ പദ്ധതി വിഹിതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. എം. എ. ബേബി<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുൻവർഷം സംസ്ഥാനം വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിട്ടസാഹചര്യത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ 465 കോടിയോളം രൂപ ചെലവഴിക്കാനാകാതെ പോയതിന്റെ കാരണം വിശദമാക്കാമോ; | (എ) **ചീഫ് എഞ്ചിനിയർ, പ്രോജക്ട്-I**<br><br>2012-13 വർഷം ജല വിഭവ വകുപ്പിൽ ഈ കാര്യാലയത്തിന് പദ്ധതി ഇനത്തിൽ 2465 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. പ്രസ്തുത വർഷം 2531.37 ലക്ഷം രൂപ ചെലവഴിച്ചു. ഇത് 102.69% ആണ്.<br><br>**ചീഫ് എഞ്ചിനിയർ, ജലസേചനവും ഭരണവും**<br><br>മുൻവർഷം ജലസേചനത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമായി സംസ്ഥാന പദ്ധതിയിനത്തിൽ 465.80 കോടി രൂപയാണ് വകകൊള്ളിച്ചിരുന്നത്. വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്കനുവദിച്ച തുകയാണ് മുഖ്യമായും ചെലവഴിക്കാൻ കഴിയാതിരുന്നത്. AIBP Scheme, മുല്ലപ്പെരിയാൻ ഡാം നിർമ്മാണം |

എന്നീ കാര്യങ്ങൾക്കനുവദിച്ച തുക ചെലവാക്കുവാൻ കഴിഞ്ഞില്ല. ചെറുകിട ജല സേചന വിഭാഗത്തിൽ പദ്ധതി വിഹിതത്തിന്റെ 68 ശതമാനം ചെലവഴിക്കാൻ കഴിഞ്ഞു. കരാറുകാരുടെ ബില്ലുകൾ കൊടുത്തു തീർക്കുന്നതനുസരിച്ചു മാത്രമേ കൂടുതൽ തുക ചെലവഴിക്കുവാൻ കഴിയുകയുള്ളു.

## കേരള വാട്ടർ അതോറിറ്റി

2012-13 വർഷത്തിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് പദ്ധതി വിഹിതമായ 619.66 കോടി രൂപയിൽ 575.55 കോടി രൂപയും അനുവദിച്ചു. ജലനിധിയുടെ പദ്ധതി വിഹിതത്തിൽ നീക്കിയിരുപ്പുള്ള 27.43 കോടി രൂപ ഉൾപ്പെടെ 53.27 കോടി രൂപ വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ ചെയ്യുന്ന കരാറുകാർക്കുള്ള കുടിശ്ശിക തീർക്കുന്നതിനായും അനുവദിച്ചു. എ.ആർ.പി. യുടെ സംസ്ഥാന വിഹിതമായ 50 കോടി രൂപയിൽ 31.73 കോടി രൂപ 2012-13 വർഷത്തിൽ ചെലവഴിക്കുകയും ബാക്കി തുകയായ 18.27 കോടി രൂപ സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തിട്ടുണ്ട്. . മുൻ വർഷത്തെ നീക്കിയിരുപ്പ് തുകയും കൂടി ചേർത്ത് 2012-13 വർഷത്തിൽ കേരള വാട്ടർ അതോറിറ്റി 613.05 കോടി രൂപ ചെലവഴിച്ചു. അതായത് 2012-13 സാമ്പത്തികവർഷം കേരള വാട്ടർ അതോറിറ്റി പദ്ധതി വിഹിതത്തിന്റെ 98.93% ചെലവഴിച്ചു.

## ഭൂജലവകുപ്പ്

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ (2012-13) ആകെ രണ്ടായിരത്തി ഒരുന്നൂറ്റി അമ്പത്തി രണ്ട് ലക്ഷം (2152 ലക്ഷം) രൂപയാണ് പദ്ധതി ചിലവിനായി ഭൂജലവകുപ്പിനായി അനുവദിച്ചത്. ഇതിൽ ആയിരത്തി തൊള്ളായിരത്തി എഴുപത്തി ഏഴ് ലക്ഷത്തി നാൽപത്തി എണ്ണായിരം രൂപ (1977.48) ചെലവഴിക്കാനായിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ വിഭാവനം ചെയ്ത ചില യന്ത്ര സാമഗ്രികളുടെ സമാഹരണം നടത്താൻ കഴിയാത്തതിനാലാണ് എട്ട് ശതമാനത്തോളം തുക ചിലവഴിക്കാൻ കഴിയാത്തത്.

## ചീഫ് എഞ്ചിനിയർ, പ്രോജക്ട്-II

പ്രോജക്ട്-II വിഭാഗത്തിന്റെ കീഴിലുള്ള പദ്ധതികൾക്കായി 2012-2013 വർഷത്തിൽ പദ്ധതി ഇനത്തിൽ 27.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 48.30 കോടി രൂപ ചെലവഴിച്ചു. എന്നാൽ ബഡ്ജറ്റിൽ പൊതുവായി എ.ഐ.ബി.പി ധനസഹായമായി വകയിരുത്തിയ 149.00 കോടി രൂപ ടി ഇനങ്ങളിൽ പദ്ധതികളുടെ അഭാവത്തിൽ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## ചീഫ് എഞ്ചിനിയർ, കുട്ടനാട് പാക്കേജ്

2012-2013 സാമ്പത്തിക വർഷത്തിൽ കുട്ടനാട് പാക്കേജ്, ചീഫ് എഞ്ചിനിയറുടെ നിയന്ത്രണത്തിലുള്ള 4711-01-103-90 എന്ന കണക്ക് ശീർഷകത്തിൽ 200 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. ഇതിൽ 100.95 കോടി രൂപ ടി സാമ്പത്തിക വർഷം ചെലവഴിച്ചു. കുട്ടനാട് പാക്കേജിലെ എഫ്.എം.പി. ജോലികൾ (75% കേന്ദ്രസഹായം) ആണ്. 4711-01-103-90 എന്ന ശീർഷകത്തിൽ ചെയ്യുന്നത്. കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്നതനുസരിച്ചാണ് ഈ ശീർഷകത്തിൽ തുക ചെലവഴിക്കുന്നത്. സെൻട്രൽ വാട്ടർ കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് പുതിയ സ്കീമുകൾക്ക് കേന്ദ്രാനുമതി ലഭിക്കുന്നതിനും നിലവിലുള്ള സ്കീമുകൾക്ക് അടുത്ത ഗഡു കേന്ദ്രസഹായം ലഭിക്കുന്നതിനും ഒരു നിശ്ചിത തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തേണ്ടതുണ്ട്. 2012-13 വർഷത്തിൽ കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന ഫേസ്-II (154 കോടി), ഫേസ്-III (80 കോടി), തണ്ണീർ മുക്കം ബാരിയർ-തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ നവീകരണം (27 കോടി) എന്നീ സ്കീമുകൾക്ക് അനുമതി ലഭിച്ചില്ല. കൂടാതെ നിലവിലുള്ള കെ.ഇ.എൽ-I, കെ.ഇ.എൽ-II എന്നീ സ്കീമുകളുടെ തുടർന്നുള്ള കേന്ദ്രവിഹിതവും ലഭിച്ചില്ല. അതിനാൽ ഇവയ്ക്കായി കരുതിയിരുന്ന തുക ചെലവഴിക്കാൻ കഴിഞ്ഞില്ല.

(ബി) ഏതൊക്കെ സ്കീമുകൾക്കായി നീക്കി വെച്ചിരുന്ന തുകയാണ് ഇങ്ങനെ ചെലവഴിക്കാതിരുന്നതെന്നും, അവയുടെ ഇപ്പോഴത്തെ സ്ഥിതിയും അറിയിക്കാമോ?

(ബി) **ചീഫ് എഞ്ചിനിയർ, ജലസേചനവും ഭരണവും**

ചെറുകിട ജലസേചന വിഭാഗത്തിൽപ്പെടുന്ന കുളങ്ങളുടെ നവീകരണത്തിനും നബാർഡിന്റെ സഹായമുള്ള ചെറുകിട Class II വർക്കിനും അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞില്ല. കുളങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ വർഷം ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലായി മൊത്തം 101.578 കോടി രൂപയുടെ ഭരണാനുമതി നൽകി. ഈ പ്രവർത്തികൾ നടത്താനുള്ള നടപടികൾ എടുത്തു വരുന്നു.

**കേരള വാട്ടർ അതോറിറ്റി**

1. 2012-13 സാമ്പത്തികവർഷത്തിൽ ജെ.ബി,ഐ,സി. സ്കീമിൽ പദ്ധതി വിഹിതമായ 300 കോടി രൂപയിൽ 240 കോടി രൂപ അനുവദിച്ചു നല്കുകയും ചെലവഴിക്കാത്ത ബാക്കി തുകയായ 60 കോടി രൂപ നബാർഡ് പദ്ധതികളുടെ പുരോഗതി പരിഗണിച്ച് റീ അപ്രോപ്രിയേഷൻ ചെയ്ത് അതിലേയ്ക്കായി വിനിയോഗിക്കുകയും ചെയ്തു.

2. നവീന സാങ്കേതിക പദ്ധതികൾക്കായി അനുവദിച്ച 15 കോടി രൂപയിൽചെലവഴിക്കാത്ത തുകയായ 15 കോടിരൂപയും ഉപയോഗശൂന്യമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന സ്കീമിൽ നിന്നും ചെലവഴിക്കാത്ത 10 കോടി രൂപയും; നഗര ശുദ്ധജലവിതരണ പദ്ധതിയിൽനിന്നും ചെലവഴിക്കാത്ത 10കോടിരൂപയും റീഅപ്രോപ്രിയേഷൻ ചെയ്ത് കുമരകം, പാറശ്ശാല കുടിവെള്ള പദ്ധതിയ്ക്കും, വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കും ഉപയോഗിക്കുകയുണ്ടായി.

3. മുകളിലത്തെ ഖണ്ഡികയിൽ പരാമർശിച്ച എ.ആർ.പി.യുടെ സംസ്ഥാന വിഹിതമായ 50 കോടി രൂപയിൽ 31.73 കോടി രൂപ ചെലവഴിക്കുകയും ബാക്കി

തുകയായ 18.27 കോടി രൂപ സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തു.

2012-13 സാമ്പത്തികവർഷത്തിലെ വിവിധ പദ്ധതികളുടെ ചെലവും പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.

## ഡയറക്ടർ, ഭൂജലവകുപ്പ്

പ്രധാനമായും ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന നാഷണൽ ഹൈഡ്രോളജി പദ്ധതിയിലാണ് ബഡ്ജറ്റ് തുക മുഴുവനായും ചെലവഴിക്കാൻ കഴിയാത്തത്. എറണാകുളത്ത് ജില്ലാ ഡാറ്റാ പ്രോസസ്സിംഗ് സെന്റർ നിർമ്മിക്കാനായി വകയിരുത്തിയ തുക മുഴുവനായും ചിലവഴിക്കാനായില്ല. ഒപ്പം തന്നെ ലാബിലേയ്ക്ക് ആറ്റോമിക് അബ്സോർബ്ഷൻ സ്പെക്ട്രോ മീറ്റർ വാങ്ങാനായി ഓർഡർ നൽകിയെങ്കിലും വർഷാന്ത്യത്തിലാണ് കമ്പനി ആയത് സപ്ലൈ ചെയ്തത്. ആയതിനാൽ അതിനായുള്ള തുക മിച്ചം വരുകയാണുണ്ടായത്.

## ചീഫ് എഞ്ചിനിയർ, പ്രോജക്ട്-II

സ്കീമുകൾ തിരിച്ചുള്ള വിവരങ്ങൾ

1. ഇടമലയാർ പദ്ധതി

പദ്ധതിക്കായി വകയിരുത്തിയ ഇരുപതുകോടി രൂപയിൽ 13.03 കോടി രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളു.

2. നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

പദ്ധതിക്കായി വകയിരുത്തിയ 3.00 കോടി രൂപയിൽ 1.40 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളു.

2012 ഒക്ടോബറിനു ശേഷമുള്ള മാസങ്ങളിലെ ബില്ലുകൾക്കുള്ള 'ലെറ്റർ ഓഫ് ക്രെഡിറ്റ്' ഇറക്കി ഉത്തരവാകാതിരുന്നതിനാലും ഫണ്ട് പൂർണ്ണമായി ചെലവഴിക്കാനുള്ള ബില്ലുകൾ ലഭ്യമല്ലാതിരുന്നതിനാലുമാണ് ടി തുകകൾ മുഴുവൻ ചെലവഴിക്കാൻ കഴിയാതിരുന്നത്.

3 ഇടത്തരം ക്ലാസ് 1. ജലസേചന പദ്ധതികകൾക്കുള്ള എ.ഐ.ബി.പി സഹായം

4. മറ്റ് ആവശ്യധിഷ്ഠിത പദ്ധതികൾക്കുള്ള എ.ഐ.ബി.പി സഹായം

3,4 ഇനങ്ങളിലുമായി ബഡ്ജറ്റിൽ പൊതുവായി യഥാക്രമം 141.5 കോടി രൂപയും 7.5 കോടി രൂപയും വകയിരുത്തിയതിൽ ടി ഇനങ്ങളിൽ പദ്ധതികളുടെ അഭാവം നിമിത്തം തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞില്ല.

## ചീഫ് എഞ്ചിനിയർ, കുട്ടനാട് പാക്കേജ്

ഫേസ്-II, ഫേസ്-III തണ്ണീർമുക്കം ബാരിയർ -തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ നവീകരണം എന്നീ പുതിയ സ്കീമുകൾക്കും നിലവിലുള്ള കെ.ഇ.എൽ-I, കെ.ഇ.എൽ-II എന്നീ സ്കീമുകൾക്കുമായാണ് തുക നീക്കിവച്ചിരുന്നത്. ഇതിൽ കെ.ഇ.എൽ-I ന്റെ ഭൗതിക പുരോഗതി 70 %വും കെ.ഇ.എൽ-II ന്റെ ഭൗതിക പുരോഗതി 50 %വും ആണ്. കഴിഞ്ഞ സാമ്പത്തിക വർഷം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്ന ഫേസ്-II, ഫേസ്-III തണ്ണീർമുക്കം -തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ നവീകരണം എന്നീ സ്കീമുകൾക്ക് കേന്ദ്രാനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ഈ സ്കീമുകൾക്ക് ഈ വർഷം കേന്ദ്രാനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ

...ട്ടുള്ളതാണ്

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്